● ശമീർ കെ വടകര


**ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃയും അഹ്‌ലുസ്സുന്നത്തിലെ ഇമാമുകളും – 8**


# ‘ഇദ്ദേഹത്തെ പോലെ ഒരാൾ സ്വഹാബത്തിന് ശേഷം ഉണ്ടായിട്ടില്ല’

ശ്രേഷ്ഠനായ സാഹിത്യകാരനെന്ന് (الأديب الفاضل) ഇമാം താജുദ്ദീൻ സുബ്കിയും, ഗദ്യ പദ്യ സാഹിത്യകാരനും വാഗ്മിയുമെന്ന് ഇമാം സുയൂത്വിയും. (الأديب البليغ) (الناظم الناثر) ഇമാമും മഹാനായ ഖാദിയും, ശാഫിഈ പണ്ഡിതനും ഭക്തനായ സാഹിത്യകാരനുമെന്ന് (الشافعي القاضي الكبير الإمام الأديب البارع)

ഇമാം ഇബ്നു ഇമാദ് അൽ ഹമ്പലിയും വിശേഷിപ്പിച്ച ഖാദി ശിഹാബുദ്ദീൻ ഇബ്നു ഫദ്‌ലില്ലാഹ് അൽ ഉമരി(റ)(മരണം ഹി: 749), ഇബ്നു തൈമിയ്യഃയെ എങ്ങനെ പരിചയപ്പെടുത്തിയെന്ന് പരിശോധിക്കാം.

ഖാദി ശിഹാബുദ്ദീൻ തന്റെ വിശ്വപ്രശസ്തമായ مسالكُ الأبصار في ممالك الأمصار എന്ന ഗ്രന്ഥത്തിൽ, ഇബ്നു തൈമിയ്യഃയുടെ ചരിത്രം വിശദീകരിക്കവെ പറയുന്ന ഒരു വാചകം നമ്മെ അത്ഭുതപ്പെടുത്താതിരിക്കില്ല. ഇബ്നു ഫദ്‌ലില്ലാഹ് പറയട്ടെ.


فجمع اشتات المذاهب وشتات المذاهب ونقل اليه الاجماع من سواهم
مذاهبهم المختلفة واستحضرها ومثل صورهم الذاهبة واحضرها فلو شعر
ابو حنيفة بزمانه وملك امره لادنى عصره اليه مقتربا او مالك الاجرى
وزاه اشهبه ولوجبا او الشافعي لقال ليت هذا كان للام ولدا وليتني
كنت له ابا او الشيباني ابن حنبل لما لام عذاره اذا غدا منه لفرط العجب
اشيبا لا ابن داود الظاهري وسنان الباطني لظننا تحقيقه من


منتحله وابن حزم والشهرستاني لحشر كل منهما ذكره انه في نحله
والحاكم النيسابوري والحافظ السلفي لاضافه هذا الى استدراكه
وهذا الى رحله ترد اليه الفتاوى ولا يردها وتفد عليه فيجيب عليها
باجوبة كانه كان قاعدا لها يعدها
اذا على طرف اللسان جوابه فكانما هي دفعة من صيب
تغدو مساجله بغرة صائح ويروح معترفا بزلة مذنب

(മാസാലികുൽ അബ്സ്വാർ: വാള്യം:5, പേജ്:295).

‘ഇബ്നു തൈമിയ്യഃ വ്യത്യസ്ത മദ്ഹബുകളെ ക്രോഡീകരിച്ചു. ഇമാം അബൂ ഹനീഫയെങ്ങാനും ഇദ്ദേഹത്തിന്റെ വരവിനെ സംബന്ധിച്ച് മുൻകൂട്ടി അറിയുകയും കാര്യങ്ങളുടെയെല്ലാം അധികാരവും നിയന്ത്രണവും അദ്ദേഹത്തിന്റെ അധീനത്തിലാവുകയും ചെയ്തിരുന്നുവെങ്കിൽ, തന്റെ കാലഘട്ടത്തെ ഇബ്നു തൈമിയ്യഃയുടെ കാലത്തിലേക്ക് അടുപ്പിക്കുമായിരുന്നു. ഇമാം മാലികായിരുന്നുവെങ്കിൽ ഇബ്നു തൈമിയ്യഃയുടെ പിന്നാലെ ഇഴഞ്ഞെങ്കിലും തന്റെ സിംഹത്തെ ഓടിക്കുമായിരുന്നു. ഇനി ഇമാം ശാഫിയാണെങ്കിൽ ഇങ്ങനെ പറയുമായിരുന്നു: ‘ഹാവൂ! ഇദ്ദേഹം മാതാവിന്റെ കുട്ടിയും ഞാൻ അദ്ദേഹത്തിന്റെ പിതാവുമായിരുന്നെങ്കിൽ’ (എത്ര നന്നായിരുന്നു)! ഇനി അഹ്മദ് ബ്നു ഹമ്പൽ അശ്ശൈബാനിയാവട്ടെ... (മസാലികുൽ അബ്സ്വാർ, വാള്യം:5,

പേഘ:295). ഇമാം ഇബ്നു ഫദ്ലിലില്ലായുടെ 'മസാലികുൽ അബ്സ്വാറി'ന്റെ ഇരുപതിലധികം വാള്യങ്ങൾ ദുബായിലെ 'ജുമുഅഃ അൽ മാജിദ് ലൈബ്രറി' (مكتبة جمعة الماجد للثقافة والتراث) എന്ന 'ഹൂർ അൽ അൻസി'ലെ സ്ഥാപനത്തിൽ ലഭ്യമാണ്. ഈ ഗ്രന്ഥം പ്രിന്റ് ചെയ്ത് വിൽക്കപ്പെടുന്നതായി ഇത് വരെ അറിഞ്ഞിട്ടില്ല. ഇസ്തംബൂളിലെ അയാ സൂഫിയയിലെ സുലൈമാനിയ്യഃ ലൈബ്രറിയിൽ നിന്നു കയ്യെഴുത്ത് പ്രതി കോപ്പി ചെയ്ത് ഗ്രന്ഥ രൂപത്തിലാക്കി ഇവിടെ സൂക്ഷിച്ചിരിക്കുയാണ്. മസ്റിലെ كاتب السّر ആയി സേവനമനുഷ്ഠിച്ചതായി ഇബ്നു ഹജറിൽ അസ്ഖലാനി പറയുന്ന ഖാദി ശിഹാബുദ്ദീന്റെ കയ്യെഴുത്ത് തന്നെയാണ് മുകളിലുള്ള ഉദ്ധരണിയിൽ നാം കാണുന്നത്.

### ശൈഖുൽ ഇസ്ലാമും മുജ്തഹിദും തന്നെ

ഇമാം ഇബ്നു ഫദ്ലില്ലാഹ് ഇബ്നു തൈമിയ്യഃയുടെ പേര് തുടങ്ങുന്നത് കാണുക.

أحمد بن عبد السلام... العلامة الحافظ الحجّة المجتهد المفسِّر شيخ الإسلام نادرة العصر عَلَم الزهاد تقي الدين أبو العبّاس ابن تيميّة

'അഹ്മദുബ്നു അബ്ദിൽ ഹലീം അൽ അല്ലാമഃ അൽ ഹാഫിള് അൽ ഹുജ്ജത്, അൽ മുഫസ്സിർ, അൽ മുജ്തഹിദ്, ശൈഖുൽ ഇസ്ലാം, കാലഘട്ടത്തിലെ അപൂർവ്വ വ്യക്തി, പരിത്യാഗികളിലെ ഏറ്റവും പ്രശസ്തൻ തഖിയുദ്ദീൻ അബുൽ അബ്ബാസ് ഇബ്നു തൈമിയ്യഃ' (മസാലികുൽ അബ്സ്വാർ വാള്യം:5 പേ:294).

### മുലകുടി തീർന്നപ്പോൾ തുടങ്ങി

ഇബ്നു തൈമിയ്യഃയെ വാനോളം പുകഴ്ത്തുന്നു

هو البحر من أي النواحي جئتة، والبدر من أيّ الضّواحي أتيته، جرت آباؤه لشأو ما قَنِعَ به، ولا وقف عنده طليحا مريحا من تَعبَه، طلبًا لا يرضى بغاية، ولا يُقْضَى له بنهاية. رضع ثدي العلم منذ فُطِم، وطلع وجه الصباح ليحاكيه فلطم، وقطع الليل والنهار دائبين، واتخذ العلم والعمل صاحبين، إلى أن أنسى السلف بهداه، وأنْأي الخَلَفَ عن بلوغ مَداه.

'ഏത് വശത്തിലൂടെ താങ്കൾ വന്നാലും അദ്ദേഹം സമുദ്രം തന്നെ, ഏത് പ്രദേശത്തിലൂടെ സമീപിച്ചാലും പൂർണ്ണനിലാവും. പിതാമഹന്മാർ അദ്ദേഹത്തിന് സംതൃപ്തമായ ലക്ഷ്യത്തിലേക്ക് തന്നെ അദ്ദേഹത്തെ നയിച്ചു. ജ്ഞാനാന്വേഷണത്തിന്റെ അനന്തമായ യാത്രയിൽ അദ്ദേഹം ക്ഷീണിതനും പരവശനുമായി നിന്നുപോയില്ല. മാതാവിന്റെ മുലകുടി നിർത്തിയതോടെ വിജ്ഞാനമാകുന്ന പാൽ നുകർന്നു തുടങ്ങി. അദ്ദേഹത്തിന്റെ ശോഭയെ അനുകരിക്കാൻ പ്രഭാതം ഉദിച്ചപ്പോൾ അതിന്ന് അടിയേറ്റു. രാപ്പകലുകളെ അദ്ദേഹം പതിവായി വിഹിതം വെച്ചു. ജ്ഞാനത്തേയും കർമ്മത്തെയും ഒരുപോലെ തന്റെ സുഹൃത്തുക്കളാക്കി. എത്രത്തോളമെന്നാൽ, തന്റെ സന്മാർഗത്തിലൂടെ അദ്ദേഹം സലഫുകളെ മറപ്പിച്ചു കളഞ്ഞു. പിൻഗാമികളെ തന്നിലേക്കെത്തുന്നതിൽ നിന്ന് അദ്ദേഹം അകറ്റിക്കളഞ്ഞു. (പിൻഗാമികൾക്ക് അദ്ദേഹത്തോളമെത്താൻ കഴിഞ്ഞില്ലെന്നു സാരം)' (മസാലികുൽ അബ്സ്വാർ: വാള്യം:5 പേ:294).

ഒൻപത് പേജിലായി ഇബ്നു ഫദ്ലില്ലാഹ്, ഇബ്നു തൈമിയ്യഃയെക്കുറിച്ചെഴുതിയ മദ്ഹ് ഇവിടെ പൂർണമായും ഉദ്ധരിക്കാൻ സാധ്യമല്ല. വിവരമില്ലാത്ത സമൂഹത്തിന് മുന്നിൽ സുന്ദരമായ തലപ്പാവും നീണ്ട താടിയും തൂവെള്ളവസ്ത്രവും ഗാംഭീര്യമുള്ള ശബ്ദവുമായി രംഗപ്രവേശം ചെയ്ത് ശൈഖുൽ ഇസ്ലാമിനെ വിമർശിക്കുന്ന നമ്മുടെ സഖാഫി പണ്ഡിതർ, ഇമാം ഇബ്നു തൈമിയ്യയുടെ കാലഘട്ടം ഏറ്റവും കൂടുതൽ പണ്ഡിതർ നിറഞ്ഞതായിരുന്നു എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഇമാം സുബ്കി, ദഹബി, അബൂ ഹയ്യാൻ, സംലകാനി, ഇബ്നു ദഖീഖിൽ ഈദ്, സ്വദ്റുദ്ദീൻ വകീൽ, സ്വഫിയ്യുദ്ദീൻ ഹിന്ദി, മിസ്സി പോലുള്ള മഹാരഥന്മാരൊക്കെയുള്ള ഒരു കാലഘട്ടത്തിൽ ജീവിച്ച പണ്ഡിതനെയാണ് ഇമാം ഇബ്നു ഫദലില്ലാഹ് വരച്ച് കാണിക്കുന്നത്. അദ്ദേഹം എഴുതുന്നു.

جاء في عصر مأهول بالعلماء، مشحون بنجوم السماء، تموج في جانبيه بحور خضارم، وتطير بين خافقيه نسور قشاعم، وتشرق في انديته بدور دجنّة، وصدور أسنّة، وتثار جنود رعيل وتجار أسود غيل إلا أنّ صباحه طَمَسَ تلك النجوم وبحره طمّ على تلك الغيوم.

'അദ്ദേഹം ജീവിച്ചത് പണ്ഡിതന്മാർ സ്വാഗതം ചെയ്യപ്പെടുന്ന, ആകാശത്തിലെ നക്ഷത്ര തുല്യരായ പണ്ഡിതരെക്കൊണ്ട് നിറഞ്ഞ ഒരു കാലഘട്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെ ഇരുഭാഗത്തും ആഴമേറിയ (വിജ്ഞാന) സാഗരങ്ങൾ തിരയടിച്ചിരുന്നു. അതിന്റെ കിഴക്കു-പടിഞ്ഞാറ് ദിശകൾക്കിടയിൽ വൃദ്ധരായ കഴുകന്മാർ - മഹാ പണ്ഡിതന്മാർ - പറന്നിരുന്നു. അതിലെ സദസ്സുകളിൽ ഇരുട്ടിലെ നക്ഷത്രങ്ങളും പ്രായം ചെന്ന നെഞ്ചുകളും (പണ്ഡിതർ) പ്രകാശിച്ചിരുന്നു. മുന്നണി സേനകളും സിംഹ സങ്കേതത്തിലെ സിംഹങ്ങളെ വിൽക്കുന്ന കച്ചവടക്കാരും ഇളക്കിവിടപ്പെട്ടിരുന്നു. പക്ഷെ ഇബ്നു തൈമിയ്യഃയുടെ പ്രഭാതം ആ നക്ഷത്രങ്ങളുടെയെല്ലാം പ്രഭകെടുത്തിക്കളഞ്ഞു. അദ്ദേഹത്തിന്റെ സമുദ്രം ആ മേഘങ്ങളെയെല്ലാം മൂടിക്കളഞ്ഞു'.

ഇത്രയും പറഞ്ഞതിന്റെ സംഗ്രഹമിതാണ്: ഇമാം ഇബ്നു തൈമിയ്യഃ(റ), നാല് മദ്ഹബീ ഇമാമുകളേക്കാളും പ്രമുഖൻ. അദ്ദേഹത്തിന്റെ ജ്ഞാനത്തിന് മുന്നിൽ സലഫുകൾ പോലും വിസ്മരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിജ്ഞാനത്തിന്റെ ശോഭയിൽ മറ്റു പണ്ഡിതരുടെ മുഴുവൻ വിജ്ഞാനങ്ങളും പ്രകാശമറ്റുപോയി. ആധുനിക കാലഘട്ടത്തിലെ മൗദൂദി-വഹ്ഹാബികളുടെ വരികളല്ലല്ലോ ഇതൊന്നും.

എന്നാൽ അലവി സഖാഫി പറയുന്നതിങ്ങനെയാണ്: 'ഇബ്നു തൈമിയ്യഃ അല്ലാഹു പരാജയപ്പെടുത്തുകയും പിഴപ്പിക്കുകയും അന്ധനും ബധിരനും നിന്ദ്യനുമാക്കിത്തീർക്കുകയും ചെയ്തയാളാണ്. അദ്ദേഹത്തിന്റെ കുഴപ്പങ്ങൾ വിവരിക്കുകയും വാചകങ്ങളിലെ നുണകൾ വ്യക്തമാക്കുകയും ചെയ്ത നേതാക്കൾ അക്കാര്യം സ്പഷ്ടമാക്കിയിട്ടുണ്ട്. ഇജ്തിഹാദിന്റെ സ്ഥാനത്തെത്തിയ അത്യുന്നതനും ഐകകണ്ഠ്യേന അംഗീകരിക്കപ്പെടുന്ന മഹാനുമായ തഖിയുദ്ദീൻ സുബ്കി(റ), മകൻ താജുദ്ദീൻ സുബ്കി, ശൈഖ് ഇസ്സുബ്നു ജമാഅഃ തുടങ്ങി അദ്ദേഹത്തിന്റെ സമകാലികരായ ശാഫിഈ, മാലിക്കീ മദ്ഹബുകളിലെ അനവധി പണ്ഡിത വരേണ്യർ ഇക്കാര്യം ഇവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതായി കാണാം' (മതഗ്രന്ഥങ്ങളിലെ തിരിമറികൾ, പേ:85,86).

*******

ഒമ്പത് പേജിലായി അദ്ദേഹം എഴുതിയ ഗദ്യ വിശദീകരണത്തിന് ശേഷം, എൺപതോളം വരികളിലായി ഇബ്നു തൈമിയ്യഃയെ പുകഴ്ത്തിപ്പാടിയ 'ر' അക്ഷരത്തിൽ അവസാനിക്കുന്ന ചില കവിതാ ശകലങ്ങൾ വായിക്കുന്നതിന് മുമ്പ്, ആദ്യമായി ഇബ്നു ഫദ്ലില്ലായുടെ, ഇബ്നു തൈമിയ്യയെ സംബന്ധിച്ച കവിതയെയും 'മസാലിക്കുൽ അബ്സ്വാർ' എന്ന ഗ്രന്ഥത്തെയും, ഇമാം ഇബ്നു ഫദ്ലില്ലായെ സംബന്ധിച്ച് തന്നെയും ഹാഫിദ് ഇബ്നു ഹജറിൽ അസ്ഖലാനി വിശദീകരിക്കുന്നത് കാണാം.

**അഴകാർന്ന കവിത, അമ്പരപ്പിക്കുന്ന വിശദീകരണം**

ورثاء شهاب الدين ابن فضل الله بقصيدة رائية مليحة،

وترجم له ترجمة هائلة تنقل من المسالك إن شاء الله.

'ശിഹാബുദ്ദീൻ ഇബ്നു ഫദ്ലില്ലാഹ് അദ്ദേഹത്തെ പുകഴ്ത്തിപ്പാടിക്കൊണ്ട് 'ر' യിൽ അവസാനിക്കുന്ന അഴകാർന്ന ഒരു കവിത രചിക്കുകയും 'മസാലികി'ൽ വളരെ അമ്പരപ്പിക്കുന്ന തരത്തിൽ അദ്ദേഹത്തിന്റെ ജീവചരിത്രം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്' (അദ്ദുററുൽ കാമിനഃ വാല്യം: 1, പേജ്:178).

ഇപ്പറഞ്ഞതിന്റെ അർത്ഥം ഇമാം ഇബ്നു ഹജറിൽ അസ്ഖലാനി(റ) ആ വിശദീകരണവും കവിതയും വായിച്ചിട്ടുണ്ടാകുമെന്നാണ്. അൽപം കൂടി വ്യക്തമാക്കിയാൽ, ഇബ്നു ഫദ്ലില്ലായുടെ വിശദീകരണം ഇബ്നു ഹജർ(റ) അംഗീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ തന്റെ 'അദ്ദുറർ' എന്ന ഗ്രന്ഥത്തിൽ ആ അതൃപ്തി പരാമർശിക്കുമായിരുന്നു. എന്നാൽ 'അഴകാർന്ന കവിത'യെന്ന് പറഞ്ഞ് അതിൽ മതിപ്പ് പ്രകടിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

**'മസാലികുൽ അബ്സ്വാർ' അദ്ദേഹത്തിന്റേത് തന്നെ**

ഇമാം ഇബ്നു ഫദ്ലില്ലാക്ക് ഇങ്ങനെയൊരു ഗ്രന്ഥമുണ്ടോയെന്ന് സംശയിക്കേണ്ടതില്ല. ഇബ്നു ഹജർ(റ) തന്നെ വ്യക്തമാക്കുന്നു.

وعمل مسالك الأبصار في أزيد من عشرين مجلدًا

'ഇരുപതിലധികം വാല്യങ്ങളുള്ള 'മസാലികുൽ അബ്സ്വാർ' എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട് (അദ്ദുറർ വാല്യം:1, പേ:393).

**ഇതുപോലൊരു ഗ്രന്ഥമില്ല തന്നെ**

ഇമാം ഇബ്നുൽ ഇമാദ്(റ) ഈ ഗ്രന്ഥത്തെ സംബന്ധിച്ച് എഴുതുന്നു.

وصنّف كتاب 'مسالك الأبصار' في سبعة وعشرين مجلدا وهو كتاب جليل ما صُنِّف مثله

'അദ്ദേഹം മസാലികുൽ അബ്സ്വാർ 27 വാല്യങ്ങളിലായി രചിച്ചു. ആ ഗ്രന്ഥം അതി മഹത്തരമാണ്. അതിന് സമാനമായ ഒരു ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ല' (ശദ്റാത്തുദ്ദഹബ് വാല്യം:8 പേ:274).

**ഇബ്നു ഹജറിന്റെ പ്രശംസ**

ഇമാം ഇബ്നു ഹജറിൽ അസ്ഖലാനി(റ) ഖാദി ശിഹാബുദ്ദീന്റെ ഗുരുവര്യൻമാരുടെ പേരുകൾ പരാമർശിച്ച ശേഷം പറയുന്നു.

وكان يتوقد ذكاء مع حافظة قوية وصورة جميلة واقدار على النظم والنثر حتى كان يكتب من رأس قلم ما يعجز عنه في مدة مع سعة الصدر وحسن الخلق وبشر المحيا

'ശക്തമായ ഓർമ്മശക്തിയും, മനോഹരമായ ആകാരവും, ഗദ്യപദ്യ രചനക്കുള്ള അപാരമായ കഴിവും ഉള്ളതോടൊപ്പം അദ്ദേഹത്തിന്റെ ബുദ്ധിശക്തി കത്തിജ്ജ്വലിക്കുന്നതായിരുന്നു. മറ്റുള്ളവർക്ക് അസാധ്യമായ വിധത്തിൽ അദ്ദേഹം എഴുതുമായിരുന്നു. സൽസ്വഭാവിയും, പ്രസന്നവദനനും വിശാല ഹൃദയനുമായിരുന്നു' (അദ്ദുററുൽ കാമിനഃ വാല്യം:1, പേ:393).

'മസാലികുൽ അബ്സ്വാറി'ലെ 'റാ' ഇയ്യായ കവിതയിലെ ഏതാനും വരികളിലെ ആശയം വായിക്കാം. ഇബ്നു തൈമിയ്യഃ(റ)യെ അദ്ദേഹം പാടിപുകഴ്ത്തുന്നു:.

ولم يكن مثله بعد الصحابة في    علم عظيم وزهد ما له خطـــــر
طريقه كان يمشي قبل مشيته    بها أبو بكر الصِّديقُ أو عُمـــــرُ
فردُ المذاهب في أقوال أربعـــة    جاؤوا على أثر السُّبَّاق وآبتدروا
لّما بنوا قبله عليا مذاهبهـــم    بني وعمّر منها مثل ما عمـرُوا
مثل الأئمّة قد أحْيَا زمانهـــم    كأنّه كان فيهم وهو منتظـــــرُ

(മസാലികുൽ അബ്സ്വാർ വാല്യം:5, പേ:303).

'മഹത്തായ ജ്ഞാനത്തിലും അപകടകരമല്ലാത്ത വിരക്തിയിലും, സ്വഹാബത്തിന് ശേഷം അദ്ദേഹത്തെ പോലെ ഒരാൾ ഉണ്ടായിട്ടില്ല. അബൂബക്കറും ഉമറും അദ്ദേഹത്തിനു മുമ്പെ പോയ അതേ മാർഗ്ഗമായിരുന്നു അദ്ദേഹത്തിന്റേതും. മദ്ഹബുകളിൽ ഏകനാണദ്ദേഹം, അവരൊക്കെയും മുൻഗാമികളുടെ പാതപിന്തുടർന്നു നേരത്തെ വന്നു. അവർ അദ്ദേഹത്തിന് മുമ്പ് അവരുടെ

മദ്ഹബുകൾ പടുത്തുയർത്തിയപോലെ അദ്ദേഹവും അങ്ങിനെ ചെയ്തു. ഇമാമുകൾ തങ്ങളുടെ കാലഘട്ടത്തെ ജീവസ്സുറ്റതാക്കിയപ്പോൾ (തന്റെ ആഗമനം) പ്രതീക്ഷിച്ചുകൊണ്ട് അദ്ദേഹവും അവരോടൊപ്പമുണ്ടായിരുന്നു.

**അംഗീകരിക്കാതിരിക്കുന്നത് ജാഹിലുകൾ**

ما أنكروا منك إلا أنّهم جهلـــوا    عظيم قدرك لكن ساعد القدر
قالوا بأنّك قد أخطأت مسألـــة    وقد تكون، فهلاّ منك تغتفر؟
غلطت في الدهر أو أخطأت واحدة    أمّا أجدت إصـــابات فتعتذر؟
ومن يكون على التحقيق مجتهدًا    له الثواب على الحالين، لا الوزر
ألم تكن بأحــــاديث النبيّ إذا    سئلت تعرف ما تأتي ومـا تذر؟
حاشاك من شبه فيها ومـــن شبه    كلاهـــما منك لا يبقى له أثر

(മസാലികുൽ അബ്സ്വാർ വാള്യം: 5 പേജ്:306).

താങ്കളുടെ മഹത്തായ സ്ഥാനത്തെ വിവരക്കേട് കൊണ്ടല്ലാതെ അവർ അംഗീകരിക്കാതിരുന്നിട്ടില്ല. താങ്കൾക്ക് ഖദ്റും തുണയായിട്ടുണ്ടായിരുന്നല്ലോ? താങ്കൾക്ക് ഒരു വിഷയത്തിൽ തെറ്റ് പറ്റിയിട്ടുണ്ടെന്ന് അവർ പറഞ്ഞു. അങ്ങനെ ആയാലും പൊറുക്കപ്പെടാത്തതാണോ അത്? കാലത്തിലൊരിക്കൽ താങ്കൾക്ക് ഒഴികഴിവ് സ്വീകരിക്കപ്പെടാനാവും വിധം തെറ്റിയിരിക്കാം. താങ്കൾ ധാരാളം ശരികൾ നന്നായി ചെയ്തിട്ടുണ്ടല്ലോ. ഗവേഷണത്തിൽ മുജ്തഹിദിന്ന് ഏതവസരത്തിലും (തെറ്റായാലും ശരിയായാലും) പ്രതിഫലമുണ്ടല്ലോ? നബി(സ)യുടെ ഹദീസുകളെക്കുറിച്ച് എന്ത് ചോദിക്കപ്പെട്ടാലും കൊള്ളേണ്ടതും തള്ളേണ്ടതും താങ്കൾക്ക് അറിയാമായിരുന്നു. അവ്യക്തതയിൽ നിന്നും സമാനരിൽ നിന്നും അങ്ങ് മുക്തനായിരുന്നല്ലോ.

**അസൂയാലുക്കൾ പറയുമോ?**

يا ليت شعري هل في الحاسدين له    نظيره في جميع القوم إن ذكـــروا
هل فيهم لحديث المصطفى أحـــد    يميّز النقدَ يُروى لــــــه خبر؟
هل فيهم من يضمّ البحث في نظر    أو مثله من يضمّ البحث والنظر؟
هلاّ جمعتم له من قومكـــم ملأ    كفعل فرعونَ مَعْ مُوسى لتعتبروا؟
قولوا لهم: قال هذا فابحثوا مَعه    قدّامنا وانظروا الجهّال إن قــدروا

(മസാലിക് വാള്യം:5, പേ:304, 305)

'മൊത്തം ജനങ്ങളുടെ പേര് പറഞ്ഞാലും അദ്ദേഹത്തോട് അസൂയപ്പെടുന്നവരിൽ അദ്ദേഹത്തിന് സമാനനായി ആരെങ്കിലുമുണ്ടോ? നബി(സ)യുടെ ഹദീസ് നിരൂപണം ചെയ്ത് വിവേചിക്കാനോ, നബിയുടെ ഹദീസ് ഉദ്ധരിക്കാനോ പറ്റിയവർ അവരിലുണ്ടോ? ചിന്തയോടെ ഗവേഷണം ചെയ്യുന്നവരും ഗവേഷണവും നിരീക്ഷണവും ചേർക്കുന്നവരും അവരിലുണ്ടോ? മൂസായുടെ കാര്യത്തിൽ ഫിർഔൻ ചെയ്തതുപോലെ, നിങ്ങൾക്ക് നിങ്ങളുടെ സമൂഹത്തിൽനിന്ന് ഒരു സഭയെ സമ്മേളിപ്പിച്ചുകൂടായിരുന്നോ? എങ്കിൽ നിങ്ങൾക്ക് അത് പാഠമാകുമായിരുന്നു'.

**മരണം തീരാനഷ്ടം**

لِفقدِ مثلك يا مَن مـا له مثل    تأسى المحاريبُ والآيات والسور
يَا وارِثا من علوم الأنبياء نُهى    أورثت قلبيَ نارًا وقدُها الفكرُ
يا واحدًا لستُ أستثنِي به أحدًا    من الأنــــام ولا أبقِي ولا أذر
يا عالمًا بنقول الفقهِ أجمعِهـا    أعنك تحفظ زلات كمـا ذكروا؟
يا قامع البدع اللاتي تجنبهـا    أهل الزمان وهذا البلو والحضر

'സമാനതകളില്ലാത്ത താങ്കളെപ്പോലുള്ള ഒരാളുടെ നഷ്ടത്തിൽ പള്ളി മിഹ്റാബുകളും ഖുർആൻ സൂറകളും സൂക്തങ്ങളും ദുഃഖിക്കുന്നു. പ്രവാചകന്മാരിൽ നിന്നും ബുദ്ധിശക്തിയെ അനന്തിരമെടുത്ത താങ്കൾ എന്റെ ഹൃദയത്തിന് ചിന്തകൾ ഇന്ധനമായ അഗ്നി അനന്തിരമായിതന്നു. സൃഷ്ടികളിൽ നിന്നും ഒരാളെയും ഒഴിച്ചു നിർത്താനാവാത്തവിധം അതുല്യനാണ് താങ്കൾ. മുഴുവൻ കർമ്മശാസ്ത്ര ഉദ്ധരണികളിലും അവഗാഹമുള്ള താങ്കൾക്ക് അബദ്ധം പിണഞ്ഞു എന്നാണോ അവർ പറയുന്നത്. ഈ ജനങ്ങളൊക്കെയും കയ്യൊഴിച്ചിട്ടുള്ള നൂതനവാദങ്ങളെ നശിപ്പിച്ചിട്ടുള്ളവരാണ് താങ്കൾ. (മസാലിക് വാള്യം:5 പേ:305)

**അസൂയാലുക്കളും ജയിൽ വാസവും**

ശൈഖിന്റെ ജയിൽ വാസത്തെ സംബന്ധിച്ച് അദ്ദേഹം വിവരിക്കുന്നു:

مثل ابن تيميّة ينسى بمحبسـه    حتى يموت ولم يكحل به بصـر
مثل ابن تيميّة ترضى حواسـده    بحبسه ولكم في حبسه عـذر
مثل ابن تيميّة في السجن معتقل    والسجن كالغمد وهو الصارم الذكرُ
مثل ابن تيميّة يُرمـى بكلِّ أذًّى    وليس يُجلى قذى منه ولا نظـرًا
مثل ابن تيميّة تذوي خمائلـه    وليس يُلقط من أفنانِه الزهـر
مثل ابن تيميّة شمسٌ تغيبُ سُدى    وما ترِقُّ لها الآصال والبكـر
مثـل ابن تيميّة يمضي وما عبقت    بمسكه العاطِر الأردانُ والطـرر
مثل ابن تيميّة يمضي وما نهـلت    له سيوف ولا خطيّة سُمـر

'(അദ്ദേഹത്തെ കണ്ട്) കണ്ണുകൾക്ക് കുളിർമയേകാതെ ഇബ്നുതൈമിയ്യയെപ്പോലൊരാൾ തടവറയിൽ വിസ്മരിക്കപ്പെടുകയോ?

ഇബ്നു തൈമിയ്യയെപ്പോലൊരാളെ തടവിലാക്കിക്കൊണ്ട് അസൂയാലുക്കൾക്ക് സന്തോഷിക്കാൻ അവസരം നൽകുകയോ? നിങ്ങൾക്ക് ഒരുപക്ഷെ അദ്ദേഹത്തെ ജയിലിലടക്കാൻ ന്യായീകരണങ്ങൾ ഉണ്ടായേക്കാം.

ഇബ്നു തൈമിയ്യയെപ്പോലൊരാൾ ബന്ധിതനാവുകയോ? അദ്ദേഹം മൂർച്ചയേറിയ വാളും ജയിൽ അതിന്റെ ഉറയുമാണ്.

ഒരു തരത്തിലുള്ള സംരക്ഷണവും നൽകാതെ ഒരു വിധത്തിലുള്ള പ്രയാസങ്ങളും അകറ്റാതെ ഇബ്നുതൈമിയ്യയെപ്പോലൊരാൾ ഉപദ്രവിക്കപ്പെടുകയോ?

തന്റെ ചില്ലകളിൽ നിന്നും പൂക്കൾ പറിക്കപ്പെടാതെ ഇബ്നുതൈമിയ്യയുടെ പൂന്തോപ്പുകൾ വാടിപ്പോവുകയോ?

പ്രഭാതത്തിനും പ്രദോഷത്തിനും ഒരു ദയയുമില്ലാതെ ഇബ്നുതൈമിയ്യയാകുന്ന സൂര്യൻ അസ്തമിക്കുകയോ?

വസ്ത്രാഗ്രങ്ങളിൽ പരിമളം പരത്താതെ ഇബ്നുതൈമിയ്യയുടെ സുഗന്ധം മറഞ്ഞു പോവുകയോ?

തനിക്ക് വേണ്ടി ആയുധങ്ങൾ ശത്രുക്കളുടെ രക്തം കുടിക്കാതെ ഇബ്നുതൈമിയ്യയെപ്പോലൊരാൾ കഴിഞ്ഞുപോവുകയോ? (മസാലികുൽ അബ്സ്വാർ: പേ:304, വാള്യം:5).

ഒരു കാര്യം പറയട്ടെ. ത്വബഖാതുശ്ശാഫിഇയ്യഃയിലെ 9 ഉം 10 ഉം വാള്യങ്ങളിൽ ഇബ്നു ഫദ്‌ലില്ലാഹിയുടെ അഭിപ്രായം ഉദ്ധരിക്കാത്ത പേജുകൾ തന്നെ വിരളമാണ്. പല ശാഫിഈ പണ്ഡിതന്മാരുടെ ചരിത്രം വിശദീകരിക്കുന്നതിലും ഇങ്ങനെ കാണാം. ഖാദി ശിഹാബുദ്ദീൻ ഇബ്നു തൈമിയ്യഃ പക്ഷപാതിയായിരുന്നില്ല. ഇമാം തഖീയുദ്ദീൻ സുബ്കി(റ)യുടെ ചരിത്ര വിശദീകരണത്തിൽ ഖാദി ശിഹാബുദ്ദീന്റെ 'മസാലികുൽ അബ്സ്വാറി'ലെ വിശദീകരണം ഭൂരിഭാഗവും ഇമാം താജുദ്ദീൻ സുബ്കി പകർത്തി തന്റെ ത്വബഖാത്തുശ്ശാഫിഇയ്യഃയിൽ ഉദ്ധരിച്ചത് സ്മരണീയമാണ്. ഇമാം സുബ്കി(റ)യും ഖാദി ശിഹാബുദ്ദീനും(റ) ഐഹികമായ പ്രശ്നങ്ങളിൽ ചില അസ്വാരസ്യങ്ങൾ ഉണ്ടായിരിക്കെത്തന്നെയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. ഇമാം സൂബ്കി ഹി: 756 ലും ഖാദി ശിഹാബുദ്ദീൻ ആറുവർഷം മുമ്പ് ഹി:749 ലുമാണല്ലോ ഇഹലോക വാസം വെടിഞ്ഞത്. ഈ കാര്യം ഇബ്നു സ്സുബ്കി ത്വബഖാതിശ്ശാഫിഇയ്യഃയിൽ ഉദ്ധരിക്കുന്നു.

وكذلك لَمّا ماتَ القاضِ شهابُ الدين ابن فضل الله الذي سقنا كلامه فيه فيما مضى ولا يخفى ما كان بينهما ومن الغريب أنه قرأ طائفة من القرآن ثم اهداها فقلتُ (له) لما هذا؟ انت لم تظلمْه قط وهو كان يظلمك فما هذا؟ فقال لعليٍّ كرهته بقلبي في وقتٍ لحظٍّ دنيويّ فنظر إلى هذه المراقبة (طبقات الشافعيّة)

അപ്രകാരം ഖാദി ശിഹാബുദ്ദീൻ മരണപ്പെട്ടപ്പോൾ എന്റെ പിതാവി(ഇമാം സുബ്കി)നെ സംബന്ധിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം നാം മുമ്പ് വായിച്ചിട്ടുണ്ട്). അവർ തമ്മിലുണ്ടായ ചില അസ്വാരസ്യങ്ങൾ ഇവിടെ മറച്ച് വെക്കുന്നില്ല. അത്ഭുതമെന്താണെന്ന് ചോദിച്ചാൽ, എന്റെ പിതാവ് ഖുർആനിലെ ചില സൂക്തങ്ങൾ പാരായണം ചെയ്ത് അദ്ദേഹത്തിന് വേണ്ടി അത് ഇഹ്ദാഅ് ചെയ്തു. അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഖാദി ശിഹാബുദ്ദീനാണല്ലോ അങ്ങയെ ബുദ്ധിമുട്ടിച്ചത്, താങ്കളായിരുന്നില്ലല്ലോ ഒരിക്കലും? പിതാവ് ഇങ്ങനെ പ്രതിവചിച്ചു. ഞാനും ദുൻയവിയ്യായ ചില കാര്യങ്ങൾക്കായി അദ്ദേഹത്തെ വെറുത്തിട്ടുണ്ട്. നോക്കൂ ഇതാണ് ഇവരുടെ മുറാഖബഃ (ത്വബഖാത്തുശ്ശാഫിഇയ്യഃ വാള്യം:10, പേജ്:205).

**ഒരു വലിയ സംശയം**

ലോകത്ത് അത്രയൊന്നും ലഭ്യമല്ലാത്ത പൂർണ്ണമായും വിശ്വാസയോഗ്യമല്ലാത്ത ഒരു 'മസാലികിൽ' ഖാദി ശിഹാബുദ്ദീന്റെ പേരിൽ ഒരു ഗ്രന്ഥമെടുത്ത് കയ്യെഴുത്താണെന്ന് അവകാശപ്പെട്ട് ബോധനത്തിലുദ്ധരിച്ചാൽ അത് വിശ്വസിക്കാൻ സുന്നീ പ്രവർത്തകരെ കിട്ടില്ലായെന്ന് നമ്മുടെ ബഹുമാനപ്പെട്ട പേരോട് ഉസ്താദ് പറഞ്ഞ് കളയരുത്. അദ്ദേഹത്തിന്റെ തന്നെ മർകസിലെ ലൈബ്രറിയിൽ, ഹി:845-ൽ ഇമാം തഖിയുദ്ദീൻ മഖ്‌രീസിയുടെ 'അൽ മുഖഫ്ഫൽ കബീർ (المقفّى الكبير) എന്ന ഗ്രന്ഥത്തിന്റെ 5-ാം വാള്യം 470 മുതൽ 479 വരെ പേജുകൾ വായിച്ചാൽ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യയുടെ ചരിത്രം കാണാം. അതിന്റെ അവസാന ഭാഗത്ത് ഖാദി ശിഹാബുദ്ദീന്റെ 'മസാലികി'ലെ പൂർണ്ണഭാഗം ഉദ്ധരിച്ചതായി നമ്മുടെ ബഹുമാനപ്പെട്ട ഥഖാഫീ, അഹ്സനീ, ഫൈസീ പണ്ഡിതർക്ക് കാണാൻ കഴിയുന്ന കണ്ണുകളുണ്ടെങ്കിൽ വ്യക്തമായിക്കാണം.